(ഡി) ഇവ ഈ വർഷം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) നബാർഡ് സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ഈ വർഷം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല.

ഇടിഞ്ഞുപോകുന്ന പുഴയോരഭാഗം ഭിത്തി കെട്ടണമെന്ന ആവശ്യം

25 (175) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മണിയൂർ, അട്ടകുണ്ട് പാലത്തിനോട് ചേർന്ന കാട്ടിലക്കോവുമമൻ പ്രദേശത്ത് പുഴയോരഭാഗം മഴക്കാലത്ത് ഇടിഞ്ഞു പോകുന്നതിനാൽ ഭിത്തി കെട്ടി സംരക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്ത കാരണം പണി നടത്തുവാൻ സാധിച്ചിട്ടില്ല.

പാടിപ്പുഴയിൽ ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മാണം

26 (176) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പാടിപ്പുഴയിൽ ഒരു ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ പഞ്ചായത്തിൽ പാടിപ്പുഴയ്ക്ക് കുറുകെ ഒരു പാലത്തോടുകൂടിയ ഉപ്പുവെള്ള നിരോധന അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള 113 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

കുമ്പഴ പാലത്തിന്റെ കര ഇടിഞ്ഞുള്ള ഭീഷണി

27 (177) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന്റെ താഴെ ഭാഗം ഇടിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly